കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 9 | ജനവരി 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 ഫാമുകൾ ആധുനിക കൃഷി രീതികളുടെ പരീക്ഷണ ശാലകൾ ആവണം കൃഷിമന്ത്രി പി പ്രസാദ്

3 'നിറപൊലി 25' കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്തു

5 മാറ്റത്തിന്റെ 'മുഴക്ക'വുമായി കാർഷിക വിദ്യാർഥികൾ


# പൂപ്പൊലി 2025 കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു




കേരള കാർഷിക സർവകലാശാലയും കൃഷി വകുപ്പും ചേർന്ന് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുന്ന അന്താരാഷ്ട്ര പുഷ്പമേള പൂപ്പൊലി 2025 കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

സമാനതകൾ ഇല്ലാത്ത ദുഃഖം സമ്മാനിച്ചു പോയ ദുരന്തത്തിൽ നിന്നും കരകയറുന്ന ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ദുരന്തം വിതച്ച പ്രതിസന്ധികൾക്കിടയിലും ജീവിത സന്തോഷത്തിലേക്കും പ്രതീക്ഷകളിലേക്കും നാം മുന്നേറേണ്ടതുണ്ട് എല്ലാ പ്രതിസന്ധികളെയും നേരിട്ട് വിജയിച്ച നാം ഈ പ്രതിസന്ധിയും അതിജീവിക്കുക തന്നെ ചെയ്യും. പുതു സംരംഭകരെയും യുവാക്കളെയും കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ പങ്ക് വളരെ വലുതാണ്. അതിജീവനം തേടുന്ന വയനാടിന് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം അന്താരാഷ്ട്ര പുഷ്പമേളയായ പൂപ്പൊലിയിലൂടെ ലൂടെ നൽകുന്ന സന്ദേശം ജീവിതത്തോടുള്ള പ്രത്യാശയും ഏതു പ്രതിസന്ധിക





ചീഫ് എഡിറ്റർ - സുരേഷ് എ.ആർ.
എഡിറ്റർ - ഡോ. ബിനു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ളിലൂടെ കടന്നുപോകുമ്പോഴും ജീവിത സന്തോഷങ്ങളെ മുറുകെ പിടിക്കണം എന്ന ആശയവും ആണ്. മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ വയനാട് പഞ്ചായത്ത് പ്രസിഡണ്ട് സംഷാദ് മരക്കാർ അധ്യക്ഷത വഹിച്ചു. ത്രിതല ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ കർഷകർ വിദ്യാർഥികൾ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെയും സർവ്വകലാശാലയിലെയും ഉദ്യോഗസ്ഥർ ജനറൽ ആൻഡ് അക്കാഡമിക് കൗൺസിൽ അംഗങ്ങൾ ഫാം തൊഴിലാളികൾ മറ്റ് രാഷ്ട്രീയ സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു. കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോക്ടർ ജേക്കബ് ജോൺ സ്വാഗതവും അമ്പലവയൽ കാർഷിക കോളേജ് അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, പ്രാദേശിക ഗവേഷണ കേന്ദ്രം - കാർഷിക കോളേജ് ഡീനുമായ പ്രൊഫസർ യാമിനി വർമ്മ നന്ദിയും പറഞ്ഞു.

# ഫാമുകൾ ആധുനിക കൃഷി രീതികളുടെ പരീക്ഷണ ശാലകൾ ആവണം കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്




കേരളത്തിലെ നിലവിലുള്ള എല്ലാ കൃഷി ഫാമുകളും നൂതന കൃഷി രീതികളുടെ പരീക്ഷണശാലകൾ ആയിരിക്കണം എന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു . മുണ്ടേരി വിത്ത് കൃഷിത്തോട്ടം സംഘടിപ്പിച്ച നിറവ് 25 കാർഷിക പ്രദർശന വിപണന മേളയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി

ആധുനിക കൃഷി രീതികൾ കർഷകരിൽ എത്തുന്നതിന് മുൻപ് അതിന്റെ പരീക്ഷണ നിരീക്ഷണങ്ങൾ ഫാമുകളിൽ നടത്തേണ്ടതാണ്. ആധുനിക കൃഷി രീതിയും ആധുനിക യന്ത്രവൽക്കരണവും ആദ്യം നടപ്പിലാക്കി വിജയിക്കേണ്ടത് ഫാമുകളിൽ ആണ്. ഗുണമേന്മയുള്ള വിത്തുകളും മറ്റ് നടീൽ വസ്തുക്കളും ഉത്പാദിപ്പിക്കുക മാത്രമല്ല മാറുന്ന കാലാവസ്ഥയ്ക്കും വിപണന സാധ്യതകൾക്കും അനുസരിച്ചുള്ള ആധുനിക സാങ്കേതിക വിദ്യകളുടെ പ്രായോഗിക പരിശീലനം കൊടുക്കുന്ന ഇടമായി ഫാമുകൾ മാറണം. കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് പകരം അവയെ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ആക്കി വിപണനം ചെയ്യുന്നതിനും ആവശ്യമായ പരിശീലനം കർഷകർക്ക് നൽകാൻ ഫാമുകൾക്ക് സാധിക്കണം. കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രാഥമിക കാർഷികവൃത്തിയിൽ നൈപുണ്യം നേടുന്നത് പോലെ തന്നെ ദ്വിദിയ കാർഷിക വൃത്തിയിലും കർഷകൻ നൈപുണ്യം നേടണം. അതിനാവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നതിൽ ഫാമുകൾക്ക് വലിയ പ്രാധാന്യമുണ്ട്. കൃഷി മന്ത്രി പറഞ്ഞു.

നിലമ്പൂർ എംഎൽഎ പി.വി അൻവർ അധ്യക്ഷത വഹിച്ച ചടങ്ങിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പുഷ്പവല്ലി ടീച്ചർ, പോത്തുകല്ല് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് വിദ്യാരാജൻ, കൃഷി അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ, മറ്റ് ഡിപ്പാർട്ട്മെന്റുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, മറ്റ് ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കർഷകർ എന്നിവർ പങ്കെടുത്തു. മലപ്പുറം ജില്ല കൃഷി ഓഫീസർ അബ്ദുൽ മജീദ് ടി പി. സ്വാഗതവും മുണ്ടേരി ഫാം കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഷക്കീല പി.നന്ദിയും പറഞ്ഞു.

# 'നിറപൊലി 25' കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മലപ്പുറം ജില്ലാ പഞ്ചായത്തും നിലമ്പൂർ ചുങ്കത്തറ ജില്ലാ കൃഷിത്തോട്ടത്തിൽ സംയുക്തമായി സംഘടിപ്പിക്കുന്ന "നിറപൊലി 25" കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു.



കേരളത്തിന്റെ തനതായ കാലാവസ്ഥയും മണ്ണും ഗുണമേന്മയുള്ള കാർഷിക ഉൽപാദനം നടത്താൻ അനുയോജ്യമാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനവും വന്യമൃഗങ്ങളുടെ ശല്യവും എന്നും കേരളത്തിലെ കർഷകർക്ക് ഒരു വെല്ലുവിളിയാണ്. ഇത്തരം അവസ്ഥകളെ പ്രായോഗികമായി മറികടക്കുന്നതിനായി, നൂതനമായ ശാസ്ത്രീയ മാർഗങ്ങളും അതിന് അനുസൃതമായ നൂതന കാർഷിക പ്രോജക്ടുകളും നടപ്പിലാക്കേണ്ടതാണ്. മാറുന്ന ലോക വ്യവസ്ഥിതിക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് കൃഷിയിലും മാറ്റങ്ങൾ ഉണ്ടാകും. അത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനായി ഓരോ ജില്ലകളിലും "പ്രോജക്ട് ക്ലിനിക്" എന്ന ആശയം ഉടൻ നടപ്പിലാക്കുന്നതിനായി സർക്കാർ ശ്രമിക്കുന്നുണ്ട്.

മണ്ണ്, കാലാവസ്ഥ, ഉൽപാദന-വിപണന സാധ്യത എന്നിവ ഉൾക്കൊണ്ടുകൊണ്ട് ഓരോ ജില്ലകളിലും പ്രത്യേകം മോഡൽ പ്രോജക്ടുകൾ ഉണ്ടായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഡിപ്പാർട്ട്മെന്റുകൾക്കും നൂതനമായ പ്രോജക്ടുകൾക്കായി പ്രോജക്ട് ക്ലിനിക്കുകളെ ആശ്രയിക്കാവുന്നതാണ്. മോഡൽ പ്രോജക്ടുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ ഡിപ്പാർട്ട്മെന്റുകൾക്കോ പദ്ധതി നിർവഹണം നടത്താവുന്നതാണ്. മന്ത്രി കൂട്ടിച്ചേർത്തു.

വന്യമൃഗ ശല്യം നേരിടുന്നതിനായി സർക്കാർ ക്രിയാത്മകമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഇതിനായി വനം വന്യജീവി വകുപ്പുമായി സഹകരിച്ച് കൃഷിവകുപ്പ് പ്രവർത്തിക്കും. ഇതിനായി സംസ്ഥാന വിഹിതം രണ്ടുകോടി രൂപയും ആർ കെ വി വൈ പദ്ധതി പ്രകാരം 25 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്. കൂടാതെ വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടെക്നോളജിയുടെ പ്രായോഗികതയും പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനായി പുത്തൻ സ്റ്റാർട്ടപ്പ് പദ്ധതികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മീറ്റിംഗ് സർക്കാർതലത്തിൽ ഉടൻ നടത്തും.

ജനവരി 2 മുതൽ 6 വരെ നീണ്ടുനിൽക്കുന്ന മെഗാ കാർഷിക പ്രദർശന വിജ്ഞാന വിപണന മേളയാണ് നിറപൊലി 25. കൃഷിക്ക് ആവശ്യമായ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതോടൊപ്പം നൂതന കൃഷി രീതികളെ കുറിച്ച് കർഷകരിൽ അവബോധം ഉണർത്തുകയും പുത്തൻ ആശയങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്യുക

എന്നതും നിറപൊലി 25 ലക്ഷ്യം ചെയ്യുന്നു.

നിലമ്പൂർ എംഎൽഎ പി വി അൻവർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പി. വി. അബ്ദുൽ വഹാബ് എം.പി., ജില്ലാ കളക്ടർ വി ആർ വിനോദ് ഐഎഎസ്, മലപ്പുറം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഇസ്മായിൽ മൂത്തേടം, കൃഷി അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ, മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ അബ്ദുൽ മജീദ് ടി.പി, ആത്മ പ്രോജക്ട് ഡയറക്ടർ പ്രകാശ് പുത്തൻ മഠത്തിൽ,

ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സറീന ഹസീബ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എൻ. എ. കരീം മറ്റ് ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികൾ, വിവിധവിവിധ ഡിപ്പാർട്ട്മെന്റുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ കർഷകർ, സന്നദ്ധ സംഘടനകൾ എന്നിവർ പങ്കെടുത്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എം കെ റഫീഖ സ്വാഗതവും ചുങ്കത്തറ ജില്ല കൃഷിത്തോട്ടം സൂപ്രണ്ട് ബെന്നി സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു.

# ജനസാഗരത്തെ വരവേറ്റ് പൂപ്പൊലി

സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് പൂക്കളുകളുടെ വിസ്മയ ലോകം കാണാൻ ജനങ്ങൾ ഒഴുകിയെത്തിയതോടെ അമ്പലവയൽ പൂപ്പൊലി അക്ഷരാർത്ഥത്തിൽ ജനസാഗരമായി.

സ്കൂളുകൾ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള ആളുകളും സഞ്ചാരികളും എത്തിയതോടെ ഇതുവരെ അനുഭവപ്പെടാത്ത ജനപങ്കാളിത്തം കൊണ്ട് പൂപ്പൊലി വ്യത്യസ്തമായി.

സ്വദേശിയും വിദേശിയുമായ പൂക്കളുകളുടെ വർണ്ണലോകം മാത്രമല്ല വിജ്ഞാനപ്രദമായ സെമിനാറുകളും വ്യത്യസ്തമായ പ്രദർശന സ്റ്റാളുകളും കലാവിരുന്നുകളും സന്ദർശകരെ ആകർഷിക്കുന്നു.






# മാറ്റത്തിന്റെ 'മുഴക്ക'വുമായി കാർഷിക വിദ്യാർഥികൾ

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കരയിലെ കാർഷിക കോളേജിൽ അവസാന വർഷ ബിരുദ വിദ്യാർത്ഥികൾ തെരുവ് നാടകം അവതരിപ്പിച്ചു.

കാർഷിക കോളേജിലെ വിജ്ഞാന വ്യാപന വിഭാഗത്തിന്റെയും വ്യക്തിത്വ വികസന ട്രെയിനിങ് മേഖലയിൽ 20 വർഷത്തിലേറെ അനുഭവസമ്പത്തുള്ള മനഃശാസ്ത്ര വിദഗ്ധനായ ഡോക്ടർ ബാസ്സിന്റെയും നേതൃത്വത്തിൽ പ്ര യോഗങ്ങൾ സംഘടിപ്പിച്ച വർക്ക് ഷോപ്പിന്റെ ഭാഗം ആയിരുന്നു 'മുഴക്കം' എന്നു പേരിട്ട തെരുവുനാടകം.

അശാസ്ത്രീയമായ കീട കുമിൾ നാശിനികളുടെ പ്രയോഗം മൂലം മണ്ണിനും ജൈവ സമ്പത്തിനും മനുഷ്യരാശിക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപത്തുകളെ ചൂണ്ടിക്കാണിച്ചും ഒത്തൊരുമിച്ച് നേരിടേണ്ട ആവശ്യകതയെ ഉറക്കെ മുഴക്കിയുമാണ് 'മുഴക്കം' അവസാനിച്ചത്.

ഒരു മണിക്കൂർ ദൈർഘ്യം ഉള്ള തെരുവു നാടകത്തിന്റെ കഥ, സംഭാഷണം, സംവിധാനം, വേഷവിധാനം, ശബ്ദ വെളിച്ച ക്രമീകരണം, നൃത്ത സംവിധാനം, പശ്ചാത്തല സംഗീതം, നാടക സംവിധാനം എന്നിവയെല്ലാം 111 വിദ്യാർത്ഥികൾ അടങ്ങുന്ന സംഘമാണ് നിർവഹിച്ചത്.


തെരുവ് നാടക ആസൂത്രണം വിദ്യാർത്ഥികളിൽ സംഘടനാ പാടവവും ആത്മവിശ്വാസവും ആശയ വിനിമയ വൈഭവവും വർദ്ധിക്കാൻ സഹായകമായി എന്ന് വിദ്യാർത്ഥികൾ സാക്ഷ്യപ്പെടുത്തി. വിവിധ കാർഷിക മേഖലകളിൽ ഭാവിയിൽ ഉദ്യോഗസ്ഥരായി വരേണ്ട ഇവർ ശാസ്ത്രീയ കാർഷിക പരിജ്ഞാനം ആകർഷണീയമായ രീതിയിൽ നാട്ടിൻപുറങ്ങളിലേക്ക് പകരാനുള്ള കരുത്തും ഇതോടെ സ്വായത്തമാക്കുന്നു.

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിവിധ കാർഷികഗ്രാമങ്ങളിൽ തെരുവുനാടകം 'മുഴക്കം' അരങ്ങേറാനാണ് വിദ്യാർഥികൾ പദ്ധതി ഇട്ടിരിക്കുന്നത്.



# നെല്ല്

## ഓലചുരുട്ടിപുഴു



- ഓലചുരുട്ടിപുഴ ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പ് വലിച്ച് ഓല ചുരുളുകൾ തുറക്കുക.
- ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലൂബാൻഡൈമെഡ് 39.35%SC @1 മില്ലി/10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിതളിച്ച് കൊടുക്കുക.

# തെങ്ങ്

## ചെമ്പൻ ചെല്ലി

- പ്രാരംഭഘട്ടത്തിൽ (5)6XTT) കണ്ടെത്തിയാൽ മാത്രമേ ആക്രമണ വിധേയമായ തെങ്ങുകളെ സംരക്ഷിക്കാം സാധിക്കുകയുള്ളൂ. തിരിയോലകളും മധ്യനിരയിലുള്ള ഓലകളും മഞ്ഞളിക്കുകയാണെങ്കിൽ നിർബന്ധമായും സൂക്ഷ്മനിരീക്ഷണം നടത്തണം. തെങ്ങോല തടിയോട് ചേരുന്ന ഭാഗത്തു പ്രത്യക്ഷപ്പെട്ടുക,കീടത്തിന്റെ തുറന്ന വശിഷ്ടങ്ങൾ,സമാധി.ദശ എന്നിവ ഓലക്കവിളുകളിലും തടത്തിലിൻ കാണുകയാണെങ്കിൽ ആക്രമണം ഉള്ളതായി ഉറപ്പിക്കാം. ജൈവാ-നിയന്ത്രണ മാർഗങ്ങൾ:- സ്പിനോസാഡ് നേർപ്പിച്ച് (4ലില്ലി ഒരു ലിറ്റർ വെള്ളത്തിൽ തടിയിലെ തുറന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. അതോടൊപ്പം തെങ്ങുകളുടെ മുകളിലത്തെ രണ്ടും മൂന്നും ഇലക്കവിളുകളിലും ഇതേ ലായനി ഒഴിക്കുക.
- തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക.



# കുരുമുളക്

## വേരിലെ മിലി മൂട്ടകൾ:

- മൂപ്പെത്തിയ ഇലകൾ കടും മഞ്ഞ നിറത്തിലാവുകയാണ് ബാഹ്യ ലക്ഷണം. തടത്തിലെ മണ്ണ് നീക്കിയാൽ | മീലിമൂട്ടകൾ വേരിൽ പറ്റിപ്പിടിച്ചിരിക്കുന്ന തായി കാണാം.
- തടത്തിലെ മണ്ണ് നീക്കിയതിനു ശേഷം തടത്തിൽ ക്ലോർപൈറിഫോസ് കീനാശിനി (രണ്ടു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) കുതിർക്കുകയോ അല്ലെങ്കിൽ വള്ളി ഒന്നിന് മുപ്പതു ഗ്രാം വീതം ഫിപ്റോണിൽ തരികൾ വിതറുകയോ ചെയ്യുക.



# മാവ്



## കായീച്ച

- നിലത്തു വീണു കിടക്കുന്ന കായിച്ചകളെ എടുത്തു 60 സെ. മീ. ആഴത്തിൽ കുഴി ഉണ്ടാക്കി നശിപ്പിക്കുക.
- തോട്ടങ്ങളിൽ ഫിറമോൺ കെണികൾ (സെൻ്റിന് ഒന്ന് വീതം) സ്ഥാപിക്കുക.

# വിവിധ വിളകൾ



## നീരുറ്റിക്കുടിക്കുന്ന കീടങ്ങൾ

- നിലവിൽ അനുഭവപ്പെടുന്ന വരണ്ട കാലാവസ്ഥ മുഞ്ഞ, തുള്ളൻ, മണ്ടരി, ചാഴി, വെള്ളിച്ച, മീലിമൂട്ട മുതലായ നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ വർദ്ധിക്കാൻ അനുയോജ്യമായ കാലാവസ്ഥയാണ്. മിക്കവയും മൊസൈക് പോലുള്ള രോഗങ്ങൾ ഉണ്ടാക്കുന്ന വൈറസിനെ പരത്തുന്നവയാണ്.
- 5 മില്ലി വേപ്പെണ്ണ 1 ലിറ്ററിന് 5 ഗ്രാം വീതം സോപ്പ് ലയിപ്പിച്ച ഇളം ചൂടുള്ള ലായനിയിൽ ചേർത്തിളക്കി തയ്യാറാക്കിയ കീടനാശിനി തളിക്കുക. അല്ലെങ്കിൽ, മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ കീടനാശിനി തളിക്കുക.

# പാവയ്ക്ക



## കായീച്ച

- ഫിറമോൺ കെണി 15 സെൻ്റിന് 1 വീതം തൂക്കിയിടുക.
- 10% ശർക്കരയും 0.1% മാ ലത്തിയോണും അടങ്ങിയ മിശ്രിതം ഇലയുടെ അടിഭാഗത്തായി 40m² സ്ഥലത്തേക്ക് രണ്ടാഴ്ച ഇടവേളകളിൽ തളിച്ച് കൊടുക്കുക.

# വെള്ളരിവർഗ വിളകൾ




## പൊടി പൂപ്പൽ രോഗം

- മുൻ കരുതലായി 'മാങ്കോസെബ്' 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക.
- രോഗം കാണുകയാണെങ്കിൽ 'ലൈ സൾഫർ 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 10 ദിവസ ഇടവേളകളിൽ രണ്ടു തവണ തളിക്കുക..
- രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക.

# വെള്ളരിവർഗ വിളകൾ

## വെള്ളരി വർഗ്ഗവിളകളിൽ വൈറസ് രോഗം



- രോഗം വന്ന ചെടികൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക.
- രോഗം പരത്തുന്ന കീടങ്ങളെ നശിപ്പിക്കാനായി ഡൈഫെൻതയുറോൺ 1 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിലും തണ്ടിലും തളിക്കുക.

# ചീര

## ഇലകരിച്ചിൽ




- ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽ രൂക്ഷമായാൽ പാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ച തെളി എടുക്കുക) തളിച്ച് കൊടുക്കുക.
- കൂടാതെ 2% വീര്യത്തിൽ സ്യൂഡോമോണാസ് ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക.

# മത്തൻ

## മത്തൻ വണ്ട്



- മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലീറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക.
- മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ നായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് നൽകുക തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Suresh A.R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh